## 2025-26

# എ എം എൽ പി സ്കൂൾ
# വലിയപറമ്പ്
## കൊണ്ടോട്ടി
## മലപ്പുറം



## അക്കാദമിക മാസ്റ്റർ പ്ലാൻ



# ഓരോ കുട്ടിയും അറിവിലൂടെ മികവിലേക്ക്

**A.M.L.P SCHOOL**

**VALIYAPARAMBA**

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ആമുഖം

## പൊതു വിദ്യാഭ്യാസം : ഉന്നതിയിലേക്കുള്ള യാത്ര

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായും, ഗുണനിലവാരമുള്ളതും സൃഷ്ടിപരവുമായ വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കേണ്ടതിന്റെ ഭാഗമായും ഒരു സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു.

ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങളെയും പുതിയ അധ്യായന നയങ്ങളെയും പ്രതീക്ഷിക്കുന്ന രീതിയിൽ, കുട്ടികളുടെ ഭൗതികവും മാനസികവുമായ വളർച്ചയ്ക്ക് സഹായകമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

മികവിന്റെ മാതൃകകളായി പൊതുവിദ്യാലയങ്ങളെ മാറ്റുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. ഉന്നത പാഠ്യപദ്ധതികളോടെയും സൂക്ഷ്മമായ ഇടപെടലുകളോടെയും കൂടിയാണ് ഈ പദ്ധതി രൂപപ്പെടുന്നത്. കുട്ടികളുടെ താല്പര്യം, കഴിവുകൾ, ആഗ്രഹങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിശ്വാസവും കഴിവും വളർത്തുന്നതിനുള്ള മാർഗമാണ് ഇത്.

ജീവന്തമായ പങ്കാളിത്തവും, യാതൊരു ഭിന്നതയും ഇല്ലാത്ത സഹകരണവുമാണ് എ. എം.എൽ.പി.എസ് വലിയപറമ്പയെ പ്രത്യേകം ശ്രദ്ധേയമാക്കുന്നത്. അധ്യാപകരുടെയും, രക്ഷിതാക്കളുടെയും, PTA, MTA, പൊതുജന മാധ്യമങ്ങൾ എന്നിവരുടെയെല്ലാം കൂട്ടായ്മയോടെയാണ് ഈ മാസ്റ്റർ പ്ലാൻ രൂപം കൊണ്ടിരിക്കുന്നത്.

വിദ്യാലയ വികസനവും കുട്ടികളുടെ സമഗ്ര പുരോഗതിയും സാധ്യമാക്കാൻ വേണ്ടിയുള്ള ഒരു പ്രധാന പദ്ധതിയാണിത്.

PTA പ്രസിഡന്റ്

MTA പ്രസിഡന്റ്

ഹെഡ്മാസ്റ്റർ

AMLPS Valiyaparamba

പുളിക്കൽ, കൊണ്ടോട്ടി ഉപജില്ല, മലപ്പുറം ജില്ല

# എ.എം.എൽപി. സ്കൂൾ വലിയപറമ്പ്

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ് ജില്ലയിൽ പുളിക്കൽ ഗ്രാമപഞ്ചായത്തിലെ വലിയപറമ്പ് പ്രദേശത്താണ് എ എം എൽ പി സ്കൂൾ വലിയപറമ്പ് സ്ഥിതി ചെയ്യുന്നത്.

സ്കൂൾ പഠനത്തിന് ഒട്ടും താല്പര്യം കാണിക്കാത്ത ഒരുകാലത്ത് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ ഒരു പ്രദേശത്തെ അറിവിന്റെ വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നതിന് അശ്രാന്ത പരിശ്രമം നടത്തി 1924 ൽ മർഹൂം കണ്ണൂക്കാരൻ അഹമ്മദ് കുട്ടി മൊല്ല എന്ന സാത്വികനും നിസ്വാർത്ഥനമായ മനീഷിയുടെ കർമ്മഫലമായാണ് ഇന്ന് നാം കാണുന്ന ഈ സ്ഥാപനം.

സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്തുകാരുടെ പ്രാഥമിക അക്ഷര കളരിയായി മാറി സമൂഹത്തിലെ ഉന്നത സ്ഥാനങ്ങളിൽ എത്താൻ ഈ സ്ഥാപനത്തിലൂടെ അവർക്ക് സാധ്യമായി.

പൊതുവിദ്യാലയങ്ങൾ ആധുനികവൽക്കരിക്കുമ്പോൾ ഒട്ടും പിന്നിലല്ലാതെ പുനരുദ്ധാരണം നടത്തി സമീപപ്രദേശങ്ങളിൽ നിന്ന് വിഭിന്നമായി പ്രീ പ്രൈമറി മുതൽ അഞ്ചാം സ്റ്റാൻഡേർഡ് വരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ ബൗധിക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി വരികയാണ്. മുൻകാല മാനേജർമാരായ കണ്ണൂക്കാരൻ മൂസയും അർഹും മുഹമ്മദ് കുട്ടി മാസ്റ്ററും തുടർന്ന് ഇപ്പോഴത്തെ മാനേജരായ ആമിന കുട്ടി എന്നിവരും സ്കൂളിന്റെ ഭൗതിക കാര്യങ്ങൾ ഒരുക്കുന്നതിൽ അതീവ ജാഗ്രതയുള്ളവരാണ്.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളും പ്രദേശവാസികളും അകമഴിഞ്ഞ പിന്തുണയും സഹായവും നൽകുന്നത് ഏറെ സന്തോഷകരവുമാണ്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എ.എം.എൽ.പി.എസ് വലിയപറമ്പ |
| വിലാസം | : | വലിയപറമ്പ പി.ഒ. പുളിക്കൽ, മലപ്പുറം |
| ഫോൺ നമ്പർ | : | 9446 086 951 |
| സ്കൂൾ കോഡ് | : | 18358 |
| വിദ്യാഭ്യാസ ഉപജില്ല | : | കൊണ്ടോട്ടി |
| റവന്യൂ ജില്ല | : | മലപ്പുറം |
| വിദ്യാഭ്യാസജില്ല | : | മലപ്പുറം |
| ബി.ആർ.സി | : | കൊണ്ടോട്ടി |
| സി.ആർ.സി | : | പുളിക്കൽ |
| ഗ്രാമപഞ്ചായത്ത് | : | പുളിക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊണ്ടോട്ടി |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| നിയമ സഭാ മണ്ഡലം | : | കൊണ്ടോട്ടി |
| ലോകസഭാ മണ്ഡലം | : | മലപ്പുറം |
| താലൂക്ക് | : | കൊണ്ടോട്ടി |
| വില്ലേജ് | : | പുളിക്കൽ |
| ഇ-മെയിൽ വിലാസം | : | vamlps1924@gmail.com |

# പൊതു ലക്ഷ്യങ്ങൾ

- ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തി പി.ടി.എ/കോർണർ പി.ടി.എകൾ ചേരും.
- സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ ആധുനികവൽക്കരിക്കും
- ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റും.
- മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക് ഷീറ്റുകൾ SRG യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
- രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.
- പോക്സോ സംബന്ധമായ ബോധവൽക്കരണം.
- വിദ്യാലയം ഹൈടെക് ആക്കി മാറ്റുക.
- കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥി സംഘങ്ങൾ രൂപീകരിക്കൽ.

| അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ | |
|---|---|
| **നേട്ടങ്ങൾ** | **പരിമിതികൾ** |
| • സൗഹൃദപരമായ അധ്യാപനരീതികൾ വളർത്തുന്നു. | • മുഴുവൻകുട്ടികൾക്കും ഭാഷാശേഷി ഗണിതശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല |
| • ക്ലാസുകളിൽ കുട്ടികൾ അനുകൂലപ്രദമായ പഠനാവതരണം സൃഷ്ടിച്ചിട്ടുണ്ട്. | • മുഴുവൻകുട്ടികൾക്കും ഇംഗ്ലീഷിൽ ശ്രദ്ധ കൂടുതൽ നൽകാൻ കഴിയുന്നില്ല. |
| • ക്ലാസുകളിൽ സാങ്കേതിക സഹായം ഉപയോഗിച്ച് ആകർഷകമായി അവതരിപ്പിക്കുന്നു. (വീഡിയോകൾ, ആനിമേഷൻ, PPT മുതലായവ) | • ഓരോ ക്ലാസിൽ വൈവിധ്യമാർന്ന ഗ്രഹണശേഷിയുള്ള വിദ്യാർത്ഥികളായതിനാൽ അധ്യാപകർക്ക് വ്യക്തിഗത പരിഗണന നടത്താൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. |
| • വായനാപ്രചാരണം, ദിനാചരണങ്ങൾ, പരിസ്ഥിതി സംരക്ഷണപരിപാടികൾ എന്നിവ നടപ്പാക്കുന്നു. | • IED കുട്ടികളുടെ പഠനപിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. |
| • കുട്ടികളുടെ ധൈര്യവും നേതൃശേഷിയും വളർത്താൻ സ്കൂൾ നേതൃസംഘങ്ങൾ പ്രവർത്തിക്കുന്നു. | • കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. 25% കുട്ടികൾക്ക് വായിക്കാനും എഴുതാനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. |
| • പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• കലാപഠനം, പ്രവർത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേകപരിശീലനം | • കുട്ടികൾക്ക് പ്രായോഗിക പരിചയം ലഭിക്കുന്നതിന് സയൻസ് ലാബ് നിർണായകമാണെങ്കിലും, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം അനുഭവപൂർവമായ പഠനം തടസ്സപ്പെടുന്നു. |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- എല്ലാകുട്ടികളേയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- ഭാഷയുടെ വിവിധരൂപങ്ങൾ (കഥ, കവിത, ലേഖനം, സംഭാഷണം) മനസിലാക്കാനും അനുഭവിക്കാനും അവസരം നൽകുക.
- കുട്ടികളുടെ ഭാഷാപരമായ അഭിവ്യക്തിക്ക് ആവശ്യമായ ശബ്ദശുദ്ധിയും വാക്യഘടനയും വികസിപ്പിക്കുക.
- ഭാഷാ പ്രവർത്തനങ്ങൾ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്ന തരത്തിൽ ഉള്ളതായിരിക്കണം.
- ഭാഷയിലൂടെ സംവേദനക്ഷമതയും സഹകരണവും വളർത്തുക.
- വിവേകമുള്ള വായനയും സൃഷ്ടിപരമായ എഴുത്തും വളർത്താൻ അവസരങ്ങൾ ഒരുക്കുക.

## ഇംഗ്ലീഷ്

- English rhymes, Stories, Games എന്നിവ ഉപയോഗിച്ച് ഭാഷാഗ്രഹണം ആകർഷകമാക്കുക.
- ഇംഗ്ലീഷിൽ ആശയവിനിമയം സ്വാഭാവികമായി നടത്തുന്നതിന് എല്ലാകുട്ടികളേയും പ്രോത്സാഹിപ്പിക്കുക.
- ക്ലാസ്റൂം ഇംഗ്ലീഷ് സ്ഥിരമായി ഉപയോഗിക്കാൻ പഠിപ്പിക്കുക.
- ഇംഗ്ലീഷിലൂടെ ആശയവിനിമയത്തിന് ആവശ്യമുള്ള സമ്പൂർണ Four Skills (LSRW) വികസിപ്പിക്കുക.
- ICT, Audio Visual, Flash Cards തുടങ്ങിയ സഹായങ്ങളുപയോഗിച്ച് പഠനം ആകർഷണമാക്കുക.
- ഇംഗ്ലീഷ് പഠനത്തെ കുട്ടികൾക്കായി സംവേദ്യവും മനോഹരവുമായ അനുഭവമായി മാറ്റുക.
- Hello English മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോർട്ടുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.
- സ്വതന്ത്ര വായനയ്ക്ക്, സ്വതന്ത്ര എഴുത്തിന് കുട്ടികളെ സജ്ജരാക്കുക.

## പരിസരപഠനം

- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്രത്തിന്റെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ശാസ്ത്രത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രീയ മനോഭാവം, ശാസ്ത്രബോധം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വികസിപ്പിക്കുക.
- ആധുനിക സൗകര്യങ്ങൾ ഉള്ള ഒരു ലാബ് സജ്ജമാക്കുക.
- ആധുനിക ശാസ്ത്രത്തെ സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## ഗണിതം

- ഗണിതഭയത്തെ കുറയ്ക്കുകയും ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുക.
- ഒറ്റയ്ക്കും കൂട്ടായും പ്രവർത്തിക്കേണ്ട സാഹചര്യങ്ങളിലൂടെയും പ്രശ്നപരിഹാര പ്രവർത്തനങ്ങളിലൂടെയും പഠനം സജീവമാക്കുക.
- അടിസ്ഥാന ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## സാമൂഹികാവബോധം

- ജനാധിപത്യ മൂല്യബോധം വളർത്തുക.
- സമൂഹത്തിൽ ഓരോ വ്യക്തിക്കും ഉദ്ദേശിക്കുന്ന വിധത്തിൽ ബാധ്യതയും ഉത്തരവാദിത്തവും സ്വീകരിക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കു.
- ഇതര വിഷയങ്ങളുമായി /പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

- എല്ലാ കുട്ടികളേയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠനനേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
- ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക് മോണിറ്ററിംഗ്

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

- വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപ്പെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്.  പഠനം കേവലം ലക്ഷ്യബദ്ധമായതല്ല.  കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും, കഴിവിലേക്കും നയിക്കുന്നതുമാകണം.  ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുല്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റേയും ക്ലാസ് റൂം ഇടപെടലിന്റേയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട് ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർശിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയതലത്തിലുള്ള കുട്ടികളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

## പ്രവർത്തനഘട്ടങ്ങൾ

- തീയതി നിശ്ചയിച്ച സന്ദർശനം
- ഡയറ്റ്, ഡി.ഇ.ഒ, എ.ഇ.ഒ തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കുക.  ഹെൽപ് 2025, ഹാർഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- **മോണിറ്ററിംഗ് ഉപാധികൾ**
- Unit wise monitoring format :  ഒന്നാം ഭാഗം, പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.

- Portfolio Evidence : കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ
- Notebook entry cheklist : ക്ലാസിലെ റിവ്യൂ, ഓൺ ദ- സ്പോട്ട് വിലയിരുത്തൽ
- Observation tool : കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.
- **<u>ഉദ്യോഗസ്ഥരുടെ ചുമതലകൾ</u>**
- സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്
- ബ്ലോക്ക് ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.
- **<u>വിലയിരുത്തൽ</u>**
- ഹെൽപ് 2025 പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട് ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്റ്റിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാ വികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദേശം നൽകുക.

# വികാസപ്രദ വിലയിരുത്തൽ (Formative Assessment)

- വികാസപ്രദ വിലയിരുത്തൽ (Formative Assessment) എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാ കേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയ വിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

## പ്രവർത്തനലക്ഷ്യങ്ങൾ

- കുട്ടിയുടെ പഠനപ്രവർത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠനപുരോഗതിയെ തിരിച്ചറിയാനും പിന്തുണക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠനരീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും മെച്ചപ്പെടുത്താനും സഹായിക്കുക.
- ഫോർട്ട് ഫോളിയോ വിലയിരുത്തിലന്റെ ഭാഗമായി കുട്ടിയുടെ അതിജീവന വൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

## പഠനപ്രക്രിയ വിലയിരുത്തൽ:

- **പ്രവർത്തന പങ്കാളിത്തം:**
- പ്രവർത്തനം ഏറ്റെടുത്തു.
- ഗ്രൂപ്പിൽ പ്രവർത്തിച്ചു.
- ആശയങ്ങൾ പങ്കുവെച്ചു.
- **ആശയധാരണ:**
- ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു.
- അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ
- മുൻധാരണകൾ എന്തെല്ലാമായിരുന്നു?
- പുതിയപ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
- **പ്രകടനം/അവതരണം:**
- ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു.
- താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവ്വമായി വിശദീകരിച്ചു.
- **രേഖപ്പെടുത്തൽ:**
- പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നു.

- അതിനുള്ള ആകൃതിയും അതിന്റെ അടക്കം മനസ്സിലാവുന്ന വിധത്തിലുള്ള അവതരണമാണ്.
- ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

## <u>വിലയിരുത്തൽ മാർഗ്ഗങ്ങൾ</u>

- **<u>നിരീക്ഷണം</u>**
- അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്
- **<u>അഭിമുഖം</u>**
- കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം
- **<u>റേറ്റിംഗ് സ്കെയിൽ</u>**
- പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- **<u>കേസ് സ്റ്റഡി/ സ്കെച്ചുകൾ/ ഡയറി നോട്ടുകൾ</u>**
- വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
- **<u>സ്വയം വിലയിരുത്തൽ ഫോറങ്ങൾ</u>**
- കുട്ടി സ്വയം തന്റെ വളർച്ചയെകുറിച്ച് രേഖപ്പെടുത്തുന്നത്.

## <u>പോർട്ട് ഫോളിയോ വിലയിരുത്തൽ:</u>

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട് ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.
- ക്ലാസ് പി.ടി.എ യോഗങ്ങളിൽ പോർട്ട് ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചു കൊടുക്കുക.
- ഹെൽപ് 2025 ക്ലാസ് ഹാന്റ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.
- KCF 2023 നിർദേശങ്ങൾ അനുസരിച്ച്
- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉമ്ടായിരിക്കണം.
- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

## <u>സമഗ്ര പുരോഗതി രേഖ (Holistic Progress Card)</u>

- ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള

അധ്യായനത്തിനും പിന്തുണക്കുന്നതിനും വേണ്ടിയാണ് സമഗ്രപുരോഗതിരേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്.  ഇതൊരു പരീക്ഷാ മാർക്കിനപ്പുറം കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹിക പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു.  ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യുകയും വേണം.

## പ്രവർത്തനലക്ഷ്യങ്ങൾ

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ,  നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- പാഠ്യപദ്ധതികൾ, ഫനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

# പ്രവർത്തനപദ്ധതികൾ
## മലയാളം

**പ്രവർത്തനം : 1**

പേര് : പുസ്തകത്തെ അടുത്തറിയാം.

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പുസ്തകങ്ങൾ പ്രദർശിപ്പിക്കുന്നു. പുസ്തകത്തെക്കുറിച്ചുള്ള ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (ഒരു പുസ്തകം) | | |

**പ്രവർത്തനം : 2**

പേര് : എന്റെ പിറന്നാൾ സമ്മാനം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. "പിറന്നാൾ പുസ്തകം" പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**

പേര് : പത്രവായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിമിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ ഒരു വാർത്ത വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 4**
പേര് : അക്ഷരയിടം - വായനാമൂല
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാമൂല ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | |
| റീഡേഴ്സ് തിയേറ്റർ | ക്ലാസ് റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 5**
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബ്ബുകൾ | |

**പ്രവർത്തനം : 6**
പേര് : ഞങ്ങളുടെ സൃഷ്ടികൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 7**
പേര് : സ്കൂൾ വിശേഷങ്ങൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ, ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ നിർമ്മിക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 8**
പേര് : രചനാ പരിചയം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും അർഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാവുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ഒന്ന്, രണ്ട് ക്ലാസിൽ വായനാ കാർഡ്) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 9**
പേര് : കയ്യെഴുത്ത് മാസികകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ, പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും | വിദ്യാരംഗം ഭാഷാ ക്ലബ്ബ് | |

## പ്രവർത്തനം : 10

പേര് : പാട്ടരങ്ങ്

ഉപമേഖല : ഭാഷാസമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ്ബ്<br>ക്ലാസ് ടീച്ചർ | 3000 |

## പ്രവർത്തനം : 11

പേര് : വാമൊഴി വരമൊഴി

ഉപമേഖല : ലേഖവിഭാവനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്ത് നൈപുണ്യം സമഗ്ര ചിന്താശേഷി ദേശീയ വിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ - മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബ്ബുകൾ | 3000 |

## പ്രവർത്തനം : 12

പേര് : റീഡേഴ്സ് തിയേറ്റർ

ഉപമേഖല : വായനവളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീനം നൽകുന്നു. കഥാനായകൻ സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണൺ നടത്തുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1000 |

**പ്രവർത്തനം : 13**
പേര് : ഭാഷാകാഴ്ചകൾ
ഉപമേഖല : ഭാഷാ കാഴ്ചവത്ക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയ വിനിമയ രൂപ ങ്ങൾ മനസ്സിലാക്കുക. ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക | ഭാഷാപ്രസംഗം, കഥപറയൽ, കവിതാപാരായണം, കൊളാഷുകൾ, ഭാഷാപോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ്ബ് ക്ലാസ് ടീച്ചർ | 2000 |

**പ്രവർത്തനം : 14**
പേര് : ക്ലാസ് അരങ്ങ്
ഉപമേഖല : അവതരണശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ്സ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബ്ബുകൾ | 3000 |

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ പരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിനം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം : 2**
പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസിൽ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ രചന മെച്ചപ്പെടുത്തു ന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയ ത്തിലേയും അനുഭവങ്ങ ൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 3**
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3, 4 ക്ലാസുകളിൽ)
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങ ൾക്ക് അവസര മൊരുക്കുക | ഓരോ മാസവും ഏതെ ങ്കിലും വിഷയത്തെക്കു റിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റി ൻ ഒരുക്കുന്നു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>ഒക്ടോബർ - ഗാന്ധി<br>സെപ്തംബർ - ഓണം<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂ ഇയർ | ഓരോ മാസവും | 3,4 ക്ലാസ് അധ്യാപ കർ | 300 |

**പ്രവർത്തനം : 4**
പേര് : Reading Card Work Shop
ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങ ൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോ ഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

**പ്രവർത്തനം : 5**
പേര് : Work Sheet Work Shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി | 4000 |

# അറബിക്

**പ്രവർത്തനം : 1**
പേര് : ലോക ഭാഷാ - അറബി ഭാഷ
ഉപമേഖല : അടിസ്ഥാനശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാനശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

**പ്രവർത്തനം : 2**
പേര് : അറബി വായനോത്സവം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാമത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ / മാർച്ച് | അറബി ടീച്ചർ | |

**പ്രവർത്തനം : 3**
പേര് : അറബി രചനോത്സവം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമ്മാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

# ഗണിതം

**പ്രവർത്തനം : 1**
പേര് : ഗണിത വർക്ക് ഷീറ്റ് ശിൽപശാല
ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

**പ്രവർത്തനം : 2**
പേര് : ഗണിത കിറ്റ്
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ELPS മുഖേന ഗണിത ശേഷികൾ എളുപ്പത്തിലും രസകരമാക്കുന്നതിനും | 10 ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | ടീച്ചർ രക്ഷിതാവ് | 3000 |

**പ്രവർത്തനം : 3**
പേര് : ഗണിത മൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |

**പ്രവർത്തനം : 4**
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നതിന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# പരിസരപഠനം

**പ്രവർത്തനം : 1**
പേര് : ശാസ്ത്ര പഠനോപകരണ ശിൽപശാല
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾരക്കിണങ്ങും വിധം ശിൽപശാലകൾ ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |

## പ്രവർത്തനം : 2

പേര് : ലഘു പ്രൊജക്ട്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തി ചിന്തയും വള ർത്തുക | കുട്ടികൾ നേരിടുന്ന പഠനപ്രശ്നങ്ങളെ ശാസ്ത്രീയമായി വിശക ലനം ചെയ്ത് നിരീക്ഷ ണം, താരതമ്യം, വർഗീ കരണം, അപഗ്രഥനം എന്നിവയിലൂടെ നിഗമന ത്തിലെത്താൻ പ്രാപ്ത രാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | 1000 |

## പ്രവർത്തനം : 3

പേര് : പരീക്ഷണകിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രി യാശേഷികളുടെ വളർച്ചക്കിണ ങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3, 4 ക്ലാസ്സ്) ശാസ്ത്ര പരീക്ഷണങ്ങൾക്ക് ഇണങ്ങും വിധം ആവ ശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കു ന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

## പ്രവർത്തനം : 4

പേര് : പരീക്ഷണോത്സവം

ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയ ങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപര വുമായ ഉത്സാഹ വും വളർത്തുക | ക്ലാസ്മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കു ന്നതും കുട്ടികൾക്കതിൽ പങ്കാളികളാക്കുന്നതുമാ ണ് പരീക്ഷണോത്സവ ത്തിലൂടെ ലക്ഷ്യം | എല്ലാ മാസവും | ക്ലാസ് ടീച്ചർ ശാസ്ത്ര ക്ലബ്ബ് | 2000 |

**പ്രവർത്തനം : 5**
പേര് : ഗണിത കേളികൾ
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ഗണിത കളികളിൽ താൽപര്യമുണ്ടാക്കുന്നു | വ്യത്യസ്തമായ 10 ക്ക് അനുയോജ്യമായ ഗണിത കളികളിൽ ഏർപ്പെടുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | 2000 |

**പ്രവർത്തനം : 6**
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശിൽപശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | |

# രാസലഹരി, മൊബൈൽ അഡിക്ഷൻ

**പ്രവർത്തനം : 1**
പേര് : ലഹരി : രാസലഹരി, മൊബൈൽ അഡിക്ഷൻ
ഉപമേഖല : ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെകുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം ഉപദേശക സംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യവകുപ്പ്, പോലീസ് SITC | |

# സാമൂഹികാവബോധം

**പ്രവർത്തനം : 1**

പേര് : പഠനയാത്ര

ഉപമേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 1000 |

**പ്രവർത്തനം : 2**

പേര് : പ്രാദേശിക അറിവ്

ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായി അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക | നവംബർ | SSG | |

**പ്രവർത്തനം : 3**

പേര് : അതിഥിയേ അറിയിക്കൽ

ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 1000 |

# വിവരസാങ്കേതിക വിദ്യ

**പ്രവർത്തനം : 1**
പേര് : വിവരസാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതി കവിദ്യയെ ഫലപ്ര ദമായി പ്രയോജ നപ്പെടുത്തുക | പാഠഭാഗവുമായി ബന്ധ പ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ. പരിചയ പ്പെടുത്തൽ | ഓരോ മാസ ത്തിലും | SITC | |

**പ്രവർത്തനം : 2**
പേര് : I.T ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപ യോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ /പരിശീലനപരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

# സർഗവേദി

**പ്രവർത്തനം : 1**
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ കലാഭിരുചിയും സർഗാത്മക കഴി വുകളും പരിപോ ഷിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ വേദി സംഘടിപ്പിക്കുക | എല്ലാ ആഴ്ച യിലും | CT SRG | |

**പ്രവർത്തനം : 2**
പേര് : ടാലന്റ്ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്കായി വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക | ചിത്രരചന, ക്രാഫ്റ്റ് വർക്ക്, ആലാപനം പെയിന്റിംഗ് എന്നീ മേഖലകളിൽ പരിശീലനം നൽകുക. | എല്ലാ മാസത്തിലും | PTA<br>SRG | 2000 |

**പ്രവർത്തനം : 3**
പേര് : പ്രകടനവേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ റീൽസായി ചിത്രീകരിച്ച് ഇൻസ്റ്റഗ്രാമിൽ പങ്കുവെക്കൽ | ജൂൺ - മാർച്ച് | SRG<br>CT | |

## ആരോഗ്യ-കായിക വിദ്യാഭ്യാസം

**പ്രവർത്തനം : 1**
പേര് : കായികാരോഗ്യം
ഉപമേഖല : ZUMBA, ഫുട്ബോൾ കോച്ചിംഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്, സ്കിപ്പിംഗ്, സുംബ പരിശീലനം | ജൂൺ - മാർച്ച് | HM, SRG, PTA | 5000 |

**പ്രവർത്തനം : 2**
പേര് : ഹെൽത്ത് ചെക്ക് അപ്പ്
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടിക ൾക്കും കായി കാരോഗ്യക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേമിൽ ചെക്ക് അപ്പ് | ജൂൺ - സെ പ്തംബർ | PTA | 1000 |

**പ്രവർത്തനം : 3**
പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല
ഉപമേഖല : അധ്യാപിക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോ ഗ്യ-കായിക വിദ്യാഭ്യാസ ത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പിരേഡിൽ ഫിസി ക്കൽ എക്സൈസ്, ഗെയിംഗ്, എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 500 |

# നിർവ്വഹണ ചുമതല

ബഷീർ എം - എച്ച്.എം

നസീറ കെ.വി

റസീന കെ.ടി

ജിസ്റ. എ

റഹീമ എം കെ

ഷൈമ വി പി

ഷൈബ പി

മുഹമ്മദ് ഹാരിഫ് ടി.കെ

മുഹമ്മദ് കെൻസ്

മുഹമ്മദ് റിഹാൻ

# സ്കൂൾ ഫാക്കൽറ്റി



**ബഷീർ എം**
ഹെഡ്മാസ്റ്റർ



**കെ ആമിനക്കുട്ടി**
സ്കൂൾ മാനേജർ



**PTA പ്രസിഡന്റ്**



**MTA പ്രസിഡന്റ്**



**നസീറ കെ വി**



**റസീന കെ ടി**



മുഹമ്മദ് ഹാരിഫ് ടി കെ



ജിസ്ന എ



റഹീമ എം കെ



ഷൈമ വി പി



ഷൈബ പി



മുഹമ്മദ് കെൻസ് കെ



മുഹമ്മദ് റിഹാൻ പി വി



നഫീമ ജിനാൻ വി കെ